# 'കക്കുന്നവരുടെ കൈവെട്ടാൻ ശക്തിയെഴുന്നവരിവിടുണ്ട്.....'

തിരുവല്ല: 'കക്കുന്നവരുടെ കൈവെട്ടാൻ ശക്തിയെഴുന്നവരിവിടുണ്ട്; അലറിവരുന്നുണ്ടവരുടെ പടയണി, കരുതിയിരുന്നോ വഞ്ചകരേ'—കാട്ടുകൊള്ളക്കാർക്കും കരിഞ്ചന്തക്കാർക്കും എതിരെ അവർ മുന്നറിയിപ്പു നല്കി.

കേരള ശാസ്ത്രസാഹിത്യപരിഷത്തിന്റെ നേതൃത്വത്തിൽ പര്യടനം നടത്തുന്ന ശാസ്ത്രകലാജാഥയിൽ ഞാററുവേല എന്ന സംഗീതശില്പത്തിലൂടെയാണ് സമൂഹത്തെ ചൂഷണം ചെയ്യുന്നവർക്കെതിരെ അവർ വിരൽ ചൂണ്ടിയത്.

കാട് നശിപ്പിച്ചതിന്റെ പ്രത്യാഘാതം 'കുട കൂടാതെ നടക്കാൻ പററാത്തിടവപ്പാതികളിന്നെവിടെ' എന്ന ചോദ്യത്തിലൂടെ അവർ ഉന്നയിച്ചു.

ഉപജീവനത്തിനും ധനസമ്പാദനത്തിനും മാത്രമായി വിദ്യാഭ്യാസം നടത്തുന്ന ഇവിടത്തെ ജീർണ്ണിച്ച സമ്പ്രദായത്തെ 'യന്ത്രം' എന്ന നാടകത്തിലൂടെ വരച്ചുകാട്ടുമ്പോൾ 'മൂശ' എന്ന ഏകാങ്കത്തിലൂടെ വിദ്യാഭ്യാസത്തിനു പകരം വിദ്യാ—ആഭാസമാണ് നടക്കുന്നതെന്നും ഒരു പുതിയ വിദ്യാഭ്യാസക്രമം ഏർപ്പെടുത്തണമെന്നും നിർദ്ദേശിക്കുന്നു. ഒപ്പം അദ്ധ്വാനത്തിന്റെ മഹത്വത്തെ വാഴ്ത്തുന്നുമുണ്ട്. വാനരനെ നരനാക്കിയ അദ്ധ്വാനത്തിന്റെ പ്രതീകമായ പെരുവിരലിനെ, സംഗീതശില്പത്തിലൂടെ വാഴ്ത്തിയാണ് ഈ തത്വം സാധൂകരിച്ചിരിക്കുന്നത്. ''അന്തസ്സിന്റെ പുരാവൃത്തം'' ഗാനശില്പം, നമ്മുടെ വിശപ്പകററുവാൻ ഇന്നും അന്യരാഷ്ട്രങ്ങളെ ആശ്രയിക്കേണ്ട ദുർഗ്ഗതിയിലേക്ക് ശ്രദ്ധ ക്ഷണിക്കുകയാണ്.

ഇലക്ട്രിസിററി ബോർഡിന്റെ അപാകതകളും പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്. 'അണിയറയിൽ മണ്ണെണ്ണ വിളക്കുള്ളതിനാൽ ബൾബെരിയുന്നതു കാണാം' എന്ന് ഓട്ടൻതുള്ളലിലൂടെ സാർവ്വത്രികമായിട്ടുള്ള വോൾട്ടേജ് ക്ഷാമത്തെ തുറന്നുകാട്ടി.

ചികിത്സാ സമ്പ്രദായത്തെയും സംഗീതശില്പത്തിലൂടെ വിമർശിച്ചു. പാവങ്ങളെ പരിശോധിക്കാൻ നേരമില്ലെന്നോ? നിൻമണിമച്ചിലെ നീലവിരിപ്പുകൾ എങ്ങനെ ഉണ്ടായി. ?—'ഡോക്ടറോടു ചോദ്യം ചോദിച്ചവർതന്നെ ഉത്തരവും പറഞ്ഞു—ആയിരമായിരം പാവങ്ങളേകിയ ഫീസുകൊണ്ടുണ്ടായി.

രാഷ്ട്രീയത്തിലെ നാറുന്ന പ്രവണതകൾക്കെതിരെയുമുണ്ട് കൂരമ്പുകൾ. രാഷ്ട്രീയക്കാരന്റെ കാലുമാററത്തെ 'വിലപേശൽ' എന്ന ഗാനശില്പത്തിലൂടെ ചിത്രീകരിച്ചു.

കാലുമാറാൻ എം.എൽ.എ. ചോദിച്ചു — 'മാറണമോ തുക പറയൂ, മാറിവരാം നാളെ ഞാൻ, കാലുവാരുമോ മററന്നാൾ കാലുകൾ പൂട്ടി താക്കോൽ നിങ്ങടെ, കയ്യിലേല്പിച്ചിടാമോ?' വാഗ്ദാനം ലഭിച്ചു — ഒരു ഗോഡൗൺ സിമന്റ് തരാം, ഒരു ജില്ല വീതിച്ചുതരാം, പി.എസ്.സി.യിലൊരു മെമ്പറെ തരാം; കാലൊന്ന് മാറി വന്നിടുമോ?' പിന്നെയൊട്ടും താമസിക്കാതെ മറുകണ്ടം ചാടുകയായി.


ആണുങ്ങൾക്ക് പിറകേ ലക്ഷങ്ങളുമായി നടക്കുന്ന ധനാഢ്യരായ പെൺവീട്ടുകാരെ വിമർശിച്ചു. ലോകരാഷ്ട്രങ്ങളുടെ യുദ്ധസന്നാഹങ്ങൾക്കെതിരെ ആഹ്വാനം ചെയ്യുവാൻ 'ഹിരോഷിമ' എന്ന സംഗീതശില്പം മാത്രം മതിയായി. 'പട്ടിണിയായ മനുഷ്യാ നീ പുസ്തകം കയ്യിലെടുത്തോളൂ, പുത്തനൊരായുധമാണ് നിനക്കത്'. എന്ന ആഹ്വാനവുമായിട്ടാണ് പരിപാടി ആരംഭിച്ചത്.

ഒന്നര മണിക്കൂർ നേരം വിവിധ നാടൻ കലാരൂപങ്ങളിലൂടെ ശക്തമായ കുറെ ആശയങ്ങൾ സാധാരണക്കാരിൽ കുത്തിവെയ്ക്കുവാൻ ഈ പ്രസ്ഥാനത്തിന് ശാസ്ത്രകലാജാഥയിലൂടെ കഴിഞ്ഞു. നാടകം, കുറവൻകളി, കോൽക്കളി, ഓട്ടൻതുള്ളൽ, ഗാനശില്പം തുടങ്ങിയ പരിപാടികളിലൂടെയാണ് സന്ദേശം പ്രചരിപ്പിച്ചത്

എം. ശിവപ്രസാദിന്റെ നേതൃത്വത്തിൽ എം. എസ്. മണി, സദാനന്ദൻ, ജോസ്, കെ. ജി. വാസു, ചന്ദ്രൻ കണ്ണൂർ, പപ്പൻ കുട്ടമത്ത്, തോമസ്, ഷാജി, ജയൻ, ചന്ദ്രൻ വൈക്കം, രമ, രാമദാസ് തൃശ്ശൂർ, ഗോപാലകൃഷ്ണൻ മടവൂർ തുടങ്ങിയവരാണ് കലാപരിപാടികൾ അവതരിപ്പിച്ചത്. സി. കെ. ഗോപാലകൃഷ്ണൻനായരാണ് മാനേജർ.


തിരുവല്ലയിലുള്ള പെരിങ്ങരയിലെത്തിയ ശാസ്ത്രകലാജാഥയ്ക്ക് പ്രൊഫ. അലക്സാണ്ടർ കാരയ്ക്കൽ, കെ. ടി. തോമസ് കുന്നുതറ തുടങ്ങിയവർ ചേർന്ന് സ്വീകരണം നൽകി.

ജില്ലാ സെക്രട്ടറി എം. എൻ. ലക്ഷ്മണൻ, വൈസ്പ്രസിഡന്റ് എൻ.കെ. സുകുമാരൻ നായർ, ട്രഷറർ പി. സുകുമാരപിള്ള എന്നിവർ മദ്ധ്യതിരുവിതാംകൂറിൽ പരിപാടികൾ നയിച്ചു.



എം. എൽ. എ യ്ക്കുവേണ്ടി ഒരു പിടിവലി. വിലപേശൽ എന്ന ഗാന ശിൽപത്തിലെ ഒരു രംഗം

മാതൃഭൂമി 1983 ഏപ്രിൽ 29 വെള്ളിയാഴ്ച WD7



വനനശീകരണത്തിനെതിരെ കല്ലറയിൽ ശാസ്ത്രസാഹിത്യ പരിഷത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന ഉപവാസം.

കേരള കൗമുദി- 1986 ഒക്ടോബർ 27 തിങ്കൾ 

# എടക്കൽ ഗുഹയെ സംരക്ഷിക്കണം

**തോമസ് അമ്പലവയൽ**
കൺവീനർ, എടക്കൽ ഗുഹാസംരക്ഷണ സമിതി

വയനാട്ടിലെ അമ്പലവയലിനടുത്ത് എടക്കൽ എന്ന സ്ഥലത്ത് അമ്പുകുത്തിമലയിൽ നൂറ്റാണ്ടുകളുടെ പഴക്കമുള്ള ഒരു ഗുഹയും ഗുഹാഭിത്തികളിൽ ചിത്രലിപികളും അതിനു ചുറ്റുപാടുമായി ഒരു പാട്ട് ചിതറിയ ചരിത്രാവശിഷ്ടങ്ങളുമുണ്ട്. ഗുഹയുടെ അകത്ത് മേൽഭാഗത്തുനിന്നും കീഴോട്ട് ഇനിയും പൂർണ്ണമായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ലാത്ത ചിത്രലിപികളുമുണ്ട്. ഈ നൂറ്റാണ്ടിന്റെ ആരംഭത്തിന് മുൻപ് തന്നെ എടക്കൽ നമ്മുടെ ചരിത്രകാരന്മാരുടെ ശ്രദ്ധയിൽ പെട്ടിരുന്നു. കോഴിക്കോട്ട് ജില്ലാ പൊലീസ് സൂപ്രണ്ടായിരുന്ന ഒരു ഇംഗ്ലീഷുകാരനാണ് എടക്കലിനെക്കുറിച്ച് ആദ്യം പരാമർശിച്ചത് എന്ന് പറയുന്നു. എന്തുതന്നെയായാലും എടക്കൽ ഗുഹയും പരിസരവും നശിച്ചുപോകാനിടവരുന്നത് തീരാനഷ്ടമായിരിക്കും.

എടക്കൽ ഗുഹയുടെ ചരിത്രപ്രാധാന്യം ഗുഹാചിത്രങ്ങളുടെ കാലഘട്ടം നമ്മുടെ ചരിത്രത്തെ സമ്പുഷ്ടമാക്കുന്നു എന്നതുതന്നെയാണ്. ചരിത്രസ്മാരകമായ എടക്കൽ ഗുഹ ഇന്ന് അനാഥമാണ്. പിക്നിക്കിനായും മറ്റും എത്തുന്ന ആളുകൾ ഗുഹാചിത്രങ്ങളുടെ മുകളിൽ സ്വന്തം പേരും മറ്റും കൊത്തിവെയ്ക്കുന്നതിന്റെ ഫലമായി ഗുഹാചിത്രങ്ങൾ നശിച്ചുകൊണ്ടിരിക്കുകയാണ്.

ഒരു വശത്തെ ചിത്രങ്ങൾ പൂർണ്ണമായും നശിപ്പിക്കപ്പെട്ടുകഴിഞ്ഞു. ഗുഹയ്ക്ക് ചുറ്റുമുള്ള പ്രദേശങ്ങളിൽ ചിതറിക്കിടക്കുന്ന പ്രാചീന ശവകുടീരങ്ങൾ ചുറ്റും കയ്യേറിയവർ നശിപ്പിച്ചുകളഞ്ഞിരിക്കുന്നു. ആ കല്ലുകൾ കൊണ്ടുകെട്ടിയ വീടുകൾവരെ ഇവിടെ കാണാം.

ഭാഗികമായി ഗുഹ ഈ വിധത്തിൽ നശിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ മറ്റൊരു തരത്തിൽ ഗുഹയാകെത്തന്നെ നഷ്ടമാകുന്ന വിധത്തിലാണ് അമ്പുകുത്തി മലനിരകളിലെ കരിങ്കൽ ക്വാറികളുടെ പ്രവർത്തനം. ഈ പാറമുകളിൽ തന്നെയാണ് അനധികൃതമായി ഒരു കൂറ്റൻ വെടിമരുന്നു സംഭരണശാല ഒരു കരിങ്കൽ മുതലാളി സ്ഥാപിച്ചിരിക്കുന്നത്.

ഈ വെടിമരുന്നുശാലയിൽ ചെറിയൊരു കൈപ്പിഴയോ, ശ്രദ്ധക്കുറവോ സംഭവിച്ചാൽ ഒരു പ്രദേശത്തിന്റെ മൊത്തം നാശമായിരിക്കും ഫലം.

എടക്കൽ ഗുഹയും സമീപ പ്രദേശങ്ങൾക്കും സത്വരസംരക്ഷണം ഏർപ്പെടുത്തിയില്ലെങ്കിൽ ലോകത്തിലെതന്നെ ഏറ്റവും അമൂല്യമായ ചരിത്രസ്മാരകത്തിന്റെ നാശവും ഒരു പ്രദേശത്തിന്റെ നാശവും ഒരുമിച്ചായിരിക്കും.

എടക്കൽ ഗുഹയും പരിസരങ്ങളും സംരക്ഷിക്കുന്നതിന് ഗുഹാസംരക്ഷണ സമിതി ചില അടിയന്തിര നിർദ്ദേശങ്ങൾ മുന്നോട്ടു വെക്കുന്നു.

1. എടക്കൽ ഗുഹ സ്ഥിതിചെയ്യുന്ന അമ്പുകുത്തി മലയും താഴ്വാരങ്ങളും സംരക്ഷിതമേഖലയായി പ്രഖ്യാപിക്കുക.
2. സംരക്ഷിത മേഖല സർവെ നടത്തി അതിരുകൾ നിശ്ചയിച്ച് ജണ്ടകൾ സ്ഥാപിക്കുക.
3. ഗുഹാകവാടത്തിന് ഇരുമ്പുഗെയിറ്റ് സ്ഥാപിച്ച് കാവലേർപ്പെടുത്തുക.
4. മുൻകൂട്ടി അനുവാദം വാങ്ങാതെ ആരെയും ഗുഹയിൽ പ്രവേശിപ്പിക്കാതിരിക്കുക.
5. ഗുഹയുടെ ഉൾഭാഗം ഖനനം ചെയ്ത് മണ്ണുനീക്കി മണ്ണിനടിയിലെ കുടി സംരക്ഷിക്കുക.
6. ഗുഹയുടെ പരിസര പ്രദേശങ്ങളിൽ സ്വാഭാവികവനം വെച്ചുപിടിപ്പിക്കുക.
7. എടക്കൽ ഗുഹയിലേക്ക് ഒരു പൊതുവഴി ഉണ്ടാക്കുക.
8. അമ്പുകുത്തിമലയുടെ താഴ്വരകളിലെ കരിങ്കൽ ക്വാറികൾ നിരോധിക്കുക.
9. പാറക്കുമുകളിലെ കൂറ്റൻ വെടിമരുന്നു സംഭരണശാല അടിയന്തിരമായി നീക്കം ചെയ്യുക
10. സംസ്ഥാന ആർക്കിയോളജി വകുപ്പുമായി ബന്ധപ്പെട്ട് ഗുഹയെക്കുറിച്ച് ഗവേഷണം നടത്താൻ ഒരു പ്രൊജക്ട് ഉണ്ടാക്കുക.

എടക്കൽ ഗുഹയും അതിനു ചുറ്റുമുള്ള ചരിത്രാവശിഷ്ടങ്ങളും ജനങ്ങളുടെ സഹകരണത്തോടെ സംരക്ഷിക്കാനുള്ള സത്വര നടപടികൾ പുരാവസ്തു വകുപ്പിന്റേയും സർക്കാരിന്റേയും ഭാഗത്തുനിന്നുണ്ടാകണം.

- മാതൃഭൂമി -
1986 ഡിസംബർ 3 ബുധൻ

## പഴശ്ശി സ്മാരകം സൗധമാവരുത്

മാനന്തവാടി: ബ്രിട്ടീഷുകാർക്കെതിരെ പടവെട്ടി വീരമൃത്യു വരിച്ച കോട്ടയം കേരളവർമ്മ പഴശ്ശിരാജക്ക് ഉള്ള സ്മാരകം കുത്തബ് മിനാർമാതൃകയിലുള്ള മഹാസൗധമോ പൂന്തോട്ടമോ മാത്രമായിരിക്കരുതെന്ന് ഡോ. എം. ജി. എസ്. നാരായണൻ, പ്രൊഫ. കെ. കെ. എൻ. കുറുപ്പ്, കെ. പാനൂർ എന്നിവർ അഭിപ്രായപ്പെട്ടു. പഴശ്ശി ദിനാചരണത്തിന്റെ ഭാഗമായി നടന്ന ചരിത്രസമ്മേളനത്തിൽ സംസാരിക്കവേയാണ് അവർ ഇങ്ങിനെ അഭിപ്രായപ്പെട്ടത്.

വയനാട്ടിലെ ആദിവാസികളുടെയും മററു അധ:സ്ഥിത വർഗക്കാരുടെയും ഉന്നമനത്തിനും ബോധവൽക്കരണത്തിനും വേണ്ടി പ്രവർത്തിക്കുന്ന ഒരു സാംസ്ക്കാരിക കേന്ദ്രമായിരിക്കും ജനഹൃദയങ്ങളിൽ ജീവിക്കുന്ന പഴശ്ശിരാജക്ക് അനുയോജ്യമായ സ്മാരകമെന്ന് അവർ പറഞ്ഞു.

മനോരമ - 1986 ഡിസംബർ 5 വെള്ളി

# ആഘോഷമായ തറക്കല്ലിടൽ പരിപാടി മാററി

കൽപ്പററ: രാഷ്ട്രീയ പാർട്ടികൾ സമ്മേളനം നടത്തുന്നതുപോലെ വയനാട് സിവിൽസ്റ്റേഷന്റെ തറക്കല്ലിടൽ ചടങ്ങ് നടത്താനുള്ള തീരുമാനം അധികൃതർ ഉപേക്ഷിച്ചു.

ചരിത്ര പ്രാധാന്യമുള്ള എടയ്ക്കൽ ഗുഹ സ്ഥിതിചെയ്യുന്ന അമ്പുകുത്തി മലയിൽനിന്നു കല്ലും തിരുനെല്ലി പാപനാശിനിയിൽനിന്നു വെള്ളവും പഴശിരാജാവ് മരിച്ചുവീണ പുൽപ്പള്ളി മാവിലാൻ തോടിന്റെ കരയിൽനിന്നു മണ്ണുംകൊണ്ടുവന്നു തറക്കല്ലിടൽ നടത്താനാണ് ആഘോഷ കമ്മിററി തീരുമാനിച്ചിരുന്നത്. എന്നാൽ കേട്ടുകേൾവിയില്ലാത്ത ഈ നടപടിയ്ക്കെതിരേ ജനങ്ങളിൽനിന്ന് പരാതിയുണ്ടായി. ഇതേത്തുടർന്ന് ഈ പരിപാടി അധികൃതർ വേണ്ടെന്നുവച്ചു.


കല്ലും മണ്ണും വെള്ളവും എം. എൽ. എ.മാരുടേയും ജില്ലാ കലക്ടറുടേയും നേതൃത്വത്തിൽ ആഘോഷമായി കൽപ്പററയിൽ എത്തിക്കാനാണ് ഉദ്ദേശിച്ചിരുന്നത്. ഇതിനുവേണ്ടി ആയിരക്കണക്കിനു രൂപ പിരിക്കാൻ വിവിധ കമ്മിററികളും രൂപവൽക്കരിച്ചു.

സർക്കാർ പരിപാടികൾക്കുവേണ്ടി ബഹുജനങ്ങളിൽനിന്നു പിരിവെടുക്കുന്നതിനെതിരേ പ്രതിഷേധം ഉയരുകയുണ്ടായി. ജോലിചെയ്യുന്ന സമയം പിരിവിന്റെ ക്വാട്ട തികയ്ക്കാൻ വ്യാപാരികളുടേയും തോട്ടമുടമകളുടേയും വീട്ടിൽ പോകേണ്ട ഗതികേടിലാണ് ചില ഉദ്യോഗസ്ഥന്മാരെന്നു പരാതിയും ഉയർന്നിരുന്നു.

സിവിൽ സ്റ്റേഷൻ തറക്കല്ലിടൽ ചടങ്ങിനുള്ള കല്ലും വെള്ളവും മണ്ണും വിവിധ സ്ഥലങ്ങളിൽനിന്നു കൊണ്ടുവരാനുള്ള തീരുമാനമെടുത്തതു വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ ഉൾക്കൊള്ളുന്ന കമ്മിററിയാണെന്നും ഇതിൽ വിവിധ മതവിഭാഗങ്ങളിൽപെടുന്നവരും സാമൂഹ്യ സംഘടനാ പ്രതിനിധികളും ഉൾപ്പെട്ടിരുന്നതായും തറക്കല്ലിടൽ കമ്മിററി ചെയർമാൻ കെ. കെ. രാമചന്ദ്രൻ എം. എൽ. എ. പത്രലേഖകരെ അറിയിച്ചു. എന്നാൽ പിന്നീട് ചില രാഷ്ട്രീയ നേതാക്കൾ ഈ ചടങ്ങുകൾ ചില മതവിഭാഗത്തിന്റേതാണെന്നു പറഞ്ഞു മുതലെടുപ്പു നടത്താൻ ശ്രമിച്ചത് അപലപനീയമാണ്.

മതസ്പർദ്ധ വളർത്താൻ ഇക്കൂട്ടർ ഇനിയും ശ്രമിക്കുമെന്ന് ഉൽക്കണ്ഠയുള്ളതുകൊണ്ടാണ് ചടങ്ങിലേക്കുള്ള കല്ലും മണ്ണും ജലവും ആഘോഷമായി വിവിധ സ്ഥലങ്ങളിൽനിന്നു കൊണ്ടുവരേണ്ടെന്നു തീരുമാനിച്ചതെന്ന് അദ്ദേഹം പറഞ്ഞു.

ചടങ്ങിനുവേണ്ടി പിരിവു നടത്തുന്നതിന് ഉദ്യോഗസ്ഥന്മാരുടെ മേൽ പഴിചാരുന്നതു ശരിയല്ല. ഒരു അനൗദ്യോഗികാംഗം ചെയർമാനായ കമ്മിററിയാണ് ഇതു നടത്തുന്നത്. ഇതിൽ ഭീമമായ സംഖ്യയുടെ പ്രശ്നം ഉദിക്കുന്നില്ലെന്നും രാമചന്ദ്രൻ പറഞ്ഞു.



**പഴമയ്ക്കു സാക്ഷികൾ:** കോളൂർ വനത്തിൽ കണ്ട ക്ഷേത്രവിഗ്രഹങ്ങൾ.

# കോളൂർ വനത്തിൽ ചരിത്രാവശിഷ്ടം

സ്വന്തം ലേഖകൻ

കുപ്പാടി: വിസ്മൃതിയിലാണ്ട ഒരു കാലഘട്ടത്തിന്റെ ഭാഗമാണെന്നു കരുതുന്ന ക്ഷേത്രാവശിഷ്ടങ്ങൾ മുത്തങ്ങ നിക്ഷിപ്ത വനത്തിൽ കണ്ടെത്തി.

കോളൂർ വനപ്രദേശത്തു കണ്ട വിഗ്രഹങ്ങളും തകർന്ന അവശിഷ്ടങ്ങളും മണ്ണടിഞ്ഞുപോയ വൈഷ്ണവകാലത്തിന്റെ ഓർമക്കുറിപ്പുകളാണെന്നാണ് സംശയം.

മനുഷ്യസഞ്ചാരമില്ലാത്ത ഈ ഘോരവനഭൂമിയിൽ പലയിടത്തും മണ്ണിൽ പുഴ്ന്നുകിടക്കുന്ന ക്ഷേത്രഭാഗങ്ങളുണ്ടത്രെ. വൈഷ്ണവ വിഗ്രഹങ്ങളും ഗണപതി, ശിവ പ്രതിഷ്ഠകളും അവിടവിടെ കാണാമെന്നു പറയുന്നു. ആദികാവ്യമായ രാമായണത്തിലെ കഥാസന്ദർഭങ്ങളും കഥാപാത്രങ്ങളുമായി ബന്ധമുള്ള അവശിഷ്ടങ്ങളും ഒട്ടേറെ ഇക്കൂട്ടത്തിലുണ്ട്.

ഈ മേഖലയിലെ പല സ്ഥലപ്പേരുകളും ഇതിഹാസകാലത്തേക്കു വിരൽചൂണ്ടുന്നതാണ്: വനാന്തരത്തിൽ ചരിത്രപ്രാധാന്യമുള്ള കൂടുതൽപുരാതനാവശിഷ്ടങ്ങൾ കണ്ടേക്കാമെന്ന സംശയം ബലപ്പെടുത്തുന്നു.

ശ്രീരാമനെയോർത്തു സീതാദേവി കണ്ണീരൊഴുക്കിയ സ്ഥലമെന്നു കഥയുള്ള കോണിച്ചിറയും ലവകുശൻമാരോടൊപ്പം അവർ അലഞ്ഞുതിരിഞ്ഞ പ്രദേശമെന്ന് ഐതിഹ്യമുള്ള സീതാലയവും ചെതലയവും സീതത്തോടും ഒക്കെ ഈ മേഖലയിലാണ്.

ടിപ്പുവിന്റെ പടയോട്ടക്കാലത്തു വയനാടൻ വനങ്ങളിലെ ക്ഷേത്രസങ്കേതങ്ങൾ പലതും നശിപ്പിക്കപ്പെട്ടതായി കരുതുന്നുണ്ട്.